(എ) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി എത്ര മലയാളം വിദ്വാൻ അദ്ധ്യാപകർ നിലവിലുണ്ട്; ഇതിൽ സർക്കാർ മേഖലയിൽ എത്ര പേരുണ്ട്;

(ബി) ഇവർക്ക് ഹെഡ്മാസ്റ്റർ പ്രമോഷൻ നൽകുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് പ്രമോഷൻ നൽകുന്നതിനുള്ള തടസ്സമെന്താണ് എന്ന് വിശദമാക്കാമോ;

(ഡി) നിയമനകാര്യത്തിൽ ടി. ടി. സി. ക്കാരോടൊപ്പം ബാധകമാക്കിയ 2:1 എന്ന അനുപാതം ഇവരുടെ പ്രമോഷൻ കാര്യത്തിലും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലയാളം വിദ്വാൻ യോഗ്യതയുള്ള 481 പേർ പ്രൈമറി അദ്ധ്യാപകരായി ജോലി ചെയ്യുന്നു. ഇതിൽ 199 പേർ സർക്കാർ മേഖലയിലാണ്.

(ബി) സർക്കാർ മേഖലയിൽ ഇത്തരത്തിലുള്ള ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. എയ്ഡഡ് മേഖലയിൽ ഒരദ്ധ്യാപകന് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഇത് ചട്ടപ്രകാരമല്ലാത്തതിനാൽ പ്രസ്തുത നിയമനം റദ്ദു ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരം ടി.ടി.സി.യോ ബി. എഡോ ഉള്ളവർക്കു മാത്രമേ ഹെഡ്മാസ്റ്ററായി പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുള്ളു.

(ഡി) ഭാഷാദ്ധ്യാപക സംഘടനകൾ ഹെഡ്മാസ്റ്റർ പ്രൊമോഷൻ സംബന്ധിച്ച് സമർപ്പിച്ച നിവേദനം പരിശോധനയിലാണ്.

കോഴിക്കോട് ജില്ലയിൽ എസ്.എസ്.എ. പദ്ധതിപ്രകാരം ചെലവഴിച്ച തുക

72 [3055] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലത്തിലും എസ്.എസ്.എ പദ്ധതിപ്രകാരം അനുവദിച്ച പദ്ധതികളും അതിന് ചെലവഴിച്ച തുകയും സ്കൂൾ, സ്ഥാപനം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2002-03 മുതൽ 2004-05 വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly